പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3553 26.06.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡ് കമ്പനിവൽക്കരണം-ജീവനക്കാരുടെ സംഘടനകളുമായുള്ള കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ :<br>ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ; | (എ) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ 1956 ലെ ഇൻഡ്യൻ കമ്പനി നിയമത്തിൻ കീഴിൽ പൊതു മേഖലയിലുള്ള ഒരു കമ്പനിയായി പുന:സംഘടിപ്പിക്കുന്നതിന് 25-08-2008ലെ ജി. ഒ (എം.എസ്) 29/08/പി.ഡി നമ്പർ ഉത്തരവിലൂടെ സർക്കാർ തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് 25-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 37/2008/ഊ.വ പ്രകാരം കെ. എസ്. ഇ. ബിയുടെ ആസ്തി ബാദ്ധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കി ക്കൊണ്ട് കേരള ഇലക്ട്രിസിറ്റി ഫസ്റ്റ് ട്രാൻസ്ഫർ സ്കീം, 2008 പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ആസ്തി ബാദ്ധ്യതകൾ പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതു വരെ, വൈദ്യുതി ബോർഡിൻെറ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 26-09-2008-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 38/08/ഊ.വ പ്രകാരം ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആസ്തി ബാദ്ധ്യതകൾ ഇൻഡ്യൻ കമ്പനി നിയമത്തിനു കീഴിൽ രൂപീകരിക്കുന്ന കമ്പനിയിലേക്ക് 30-09-2009 നു മുമ്പ് പുനർനിക്ഷിപ്തമാക്കണമെന്നാണ് ഫസ്റ്റ് ട്രാൻസ്ഫർ സ്കീമിൻെറ ഖണ്ഡിക 6(1) അനുശാസിച്ചിരുന്നത്. ഇതിനായുള്ള നടപടിയുടെ ഭാഗമായി കേരളാ സ്റ്റേറ്റ് |

ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011ന് രജിസ്റ്റർ ചെയ്തു. സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാദ്ധ്യതകളെയും ജീവനക്കാരെയും പുതിയ കമ്പനിയിലേക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) വൈദ്യുതി ബോർഡ് കമ്പനിവൽക്കരിക്കുന്നതിന് സർക്കാരും ബോർഡ് ജീവനക്കാരുടെ നിലവിലുള്ള സംഘടനകളും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇല്ല. പുതിയ കമ്പനിയിലേക്ക് ജീവനക്കാരെ കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ആസ്തി ബാദ്ധ്യതകൾ പുനർനിക്ഷിപ്തമാക്കുന്നതു സംബന്ധിച്ച കേരള ഇലക്ട്രിസിറ്റി സെക്കൻഡ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2012ൽ ഉൾക്കൊള്ളിക്കുന്നതാണ്. 2003-ലെ ഇലക്ട്രിസിറ്റി ആക്ട്, 2008ൽ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി ഒന്നാം കൈമാറ്റക്കരാറോ, മുൻ വൈദ്യുതി ബോർഡിന്റെ ആസ്തി ബാദ്ധ്യതകളേയും ജീവനക്കാരേയും പുതിയ കമ്പനിയിലേക്ക് കൈമാറുന്നതിനായി സർക്കാരും ജീവനക്കാരുമായി കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ ഇതു സംബന്ധിച്ച് ജീവനക്കാരുടെ യൂണിയനുകളുമായി ബോർഡ് തലത്തിലും ഊർജ്ജ വകുപ്പ് മന്ത്രി നേരിട്ടും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ച നടത്തി തീരുമാനം എടുക്കേണ്ടതുണ്ട്.

(സി) കമ്പനിവൽക്കരണത്തിലൂടെ ജീവനക്കാർക്ക് ജോലിയും പെൻഷൻകാർക്ക് പെൻഷനും നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ;

(സി) ഇല്ല.

(ഡി) ഉണ്ടെങ്കിൽ എത്ര ജീവനക്കാരേയും പെൻഷൻകാരേയും ഇത് ബാധിക്കാനിടയുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) ബാധകമല്ല.

സെക്ഷൻ ഓഫീസർ.